## ? റുക്‌യയുടെ അർത്ഥനിർണ്ണയം

അബൂഖുസാമ തന്റെ പിതാവിൽ നിന്നും നിവേദനം ചെയ്തത്, അദ്ദേഹം പറഞ്ഞു:

سألت رسول الله (ﷺ) : يا رسول الله أرأيت رقى نسترقيها ودواء نتداوى به وتقاة نتقيها هل ترد من قدر الله شيئا قال : هي من قدر الله ) الألباني: حسن أخرجه الترمذي وابن ماجة والحاكم وأحمد

ഞാൻ റസൂലുല്ലാഹ്(ﷺ)യോട് ചോദിക്കുകയുണ്ടായി: "അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ മന്ത്രിക്കാറുള്ള മന്ത്രത്തെ കുറിച്ചും, ഞങ്ങൾ ചികിത്സിക്കാറുള്ള ചികിത്സയെ കുറിച്ചും, ഞങ്ങൾ സൂക്ഷിക്കാറുള്ള സൂക്ഷ്മതയെ കുറിച്ചും നിങ്ങളുടെ അഭിപ്രായം എന്താണ്? അവ അല്ലാഹുവിന്റെ വിധിയിൽ നിന്ന് വല്ലതും തടുക്കുമോ? തിരുമേനി പറഞ്ഞു: അത് അല്ലാഹുവിന്റെ ഖദ്റിൽപെട്ടതാണ്"[1]

മരുന്ന് ഉപയോഗിച്ചുള്ള ചികിത്സയും റുക്‌യയും രണ്ടും വെവ്വേറെയാണ് എന്ന് ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നു.

ഖാരിജബ്നു സ്വൽത് തന്റെ പിതൃവ്യനിൽ[2] നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു:

أقبلنا من عند النبي صلى الله عليه وسلم فأتينا على حي من العرب فقالوا : أنبئنا أنكم جئتم من عند هذا الرجل بخير فهل عندكم دواء, أو رقية, فإن عندنا معتوها في القيود, قال: فقلنا نعم. قال فجاءوا بالمعتوه فى القيود قال: فقرأت عليه بفاتحة الكتاب ثلاثة ايام غدوة وعشية أجمع بزاقي ثم اتفل قال: فكأنما نشط من عقل, قال : فأعطوني جعلا فقلت: لا حتى اسأل النبي صلى الله عليه وسلم فسألته فقال: كل: فلعمري من أكل برقية باطل لقد اكلت برقية حق.

"നബി(ﷺ)യിൽ നിന്നും ഞങ്ങൾ അറബികളിൽപെട്ട ഒരു ഗോത്രത്തിനടുത്തെത്തി. അപ്പോൾ അവർ ചോദിച്ചു: നന്മയുമായി വന്ന മനുഷ്യന്റെ (മുഹമ്മദി(ﷺ)ന്റെ) അടുത്ത് നിന്നാണല്ലോ നിങ്ങൾ വരുന്നത്, നിങ്ങളുടെയടുത്ത് വല്ല മരുന്നോ, മന്ത്രമോ ഉണ്ടോ? കാരണം ഞങ്ങളുടെ അടുത്ത് ചങ്ങലയിൽ ബന്ധിക്കപ്പെട്ട ഒരു ഭ്രാന്തനുണ്ട്. ഞങ്ങൾ പറഞ്ഞു: അതെ, (ഞങ്ങളുടെ

---

[1] അൽബാനി ഹസനാണെന്ന് പ്രസ്താവിച്ച ഹദീഥ്; തിർമിദി, ഇബ്നുമാജ, ഹാകിം, അഹ്മദ്

[2] ഖാരിജയുടെ പിതൃവ്യൻ: അലാഖബ്നു സ്വഹാർ അത്തമീമി അസ്സുലയ്ത്വിയാണ് അൽ ബർജമിയെന്നും പറയാറുണ്ട്, അദ്ദേഹത്തിന്റെ പേര് അബ്ദുല്ലാഹ് എന്നാണെന്നും, അൽ അലാഹ് ആണെന്നും, അലാഖ്ബ്നു ശജാർ ആണെന്നും പറയപ്പെട്ടിട്ടുണ്ട്. മുൻദിരിയുടെ مختصر سنن أبي داود 5-ാം വാള്യം 363-ാം പേജ് കാണുക.

അടുത്ത് മന്ത്രം ഉണ്ട്) അദ്ദേഹം പറയുന്നു: അപ്പോൾ അവർ ചങ്ങലയിൽ ബന്ധിക്കപ്പെട്ട ഭ്രാന്തനെ കൊണ്ടു വരികയുണ്ടായി, അദ്ദേഹം പറഞ്ഞു: ഞാൻ മൂന്ന് ദിവസം രാവിലെയും വൈകുന്നേരവും സൂറത്തുൽ ഫാതിഹ അദ്ദേഹത്തിന് മേൽ പാരായണം ചെയ്യുകയുണ്ടായി, എന്റെ ഉമിനീർ ഒരുമിച്ച് കൂട്ടി പാററിതുപ്പുകയും ചെയ്തു. അദ്ദേഹം പറയുന്നു: ആ ഭ്രാന്തൻ ബന്ധനത്തിൽ നിന്നും മോചനം നേടിയത് പോലെ അസുഖത്തിൽ നിന്നും ഉന്മേശവാനായി. ഖാരിജയുടെ പിതൃവ്യൻ പറഞ്ഞു: അവർ എനിക്ക് പ്രതിഫലം നൽകുകയുണ്ടായി അപ്പോൾ ഞാൻ പറഞ്ഞു: ഇല്ല, ഞാൻ നബി(ﷺ)യോട് ചോദിക്കുന്നതുവരെ സ്വീകരിക്കില്ല, അങ്ങിനെ ഞാൻ തിരുമേനിയോട് ചോദിക്കുകയുണ്ടായി. അപ്പോൾ പറഞ്ഞു: 'താങ്കൾ ഭക്ഷിക്കുക, ആരാണോ നിരർത്ഥകമായ മന്ത്രം കൊണ്ട് തിന്നുന്നത് അവനത് പാടില്ല, സത്യമായ മന്ത്രം കൊണ്ടാണ് താങ്കൾ ഭക്ഷിച്ചത്'"[3]

രണ്ടാമത്തെ ഹദീസിൽ സ്വഹാബിയുടെ പക്കൽ മരുന്നോ റുക്‌യയോ ഉണ്ടോ എന്ന അന്വേഷണത്തിൽ നിന്ന് മനസ്സിലാവുന്നത് ചികിത്സക്കായി മരുന്നോ റുക്‌യയോ ഉപയോഗിക്കാം എന്നാണ്. എന്നാൽ റുക്‌യക്ക് രോഗശമന പ്രാർത്ഥന എന്നുമാത്രം അർത്ഥം നൽകുന്നത് ഉചിതമല്ല എന്ന് താഴെയുള്ള ഹദീഥുകൾ വ്യക്തമാക്കുന്നു.

ജാബിർ(رضي الله عنه) പറഞ്ഞു:

نهى رسول الله صلى الله عليه وسلم: عن الرقى فجاء آل عمرو بن حزم إلى رسول الله صلى الله عليه وسلم فقالوا : يارسول الله إنه كانت عندنا رقية نرقي بها من العقرب, وإنك نهيت عن الرقى . قال : فعرضوها عليه . فقال: " ما أرى بأسا . من استطاع منكم أن ينفع أخاه فلينفعه"

"മന്ത്രങ്ങളെ റസൂലുല്ലാഹ്(ﷺ) വിരോധിക്കുകയുണ്ടായി, അപ്പോൾ അംറുബ്നു ഹസമിന്റെ കുടുംബം റസൂലൂല്ലാഹ(ﷺ)യുടെ അടുത്ത് വന്നു. അവർ പറഞ്ഞു: "അല്ലാഹുവിന്റെ തിരുദൂതരെ, ഞങ്ങളുടെ അടുക്കൽ ഒരു മന്ത്രം ഉണ്ടായിരുന്നു. തേൾ(കുത്തിയാൽ) അത് കൊണ്ട് ഞങ്ങൾ മന്ത്രിക്കാറുണ്ടായിരുന്നു. താങ്കളാകട്ടെ മന്ത്രം വിരോധിച്ചിരിക്കുന്നു. (ജാബിർ) പറഞ്ഞു അവർ ആ റുക്‌യ നബി(ﷺ)ക്ക് പ്രദർശിപ്പിച്ചു. അപ്പോൾ (നബി(ﷺ)) പറഞ്ഞു: (അതിൽ) ഞാൻ കുഴപ്പം കാണുന്നില്ല. നിങ്ങളിൽ ആരെങ്കിലും തന്റെ സഹോദരന് ഉപകാരം ചെയ്യാൻ സാധിക്കുമെങ്കിൽ ഉപകാരം ചെയ്യട്ടെ."[4]

ജാബിർ(رضي الله عنه)വിൽ നിന്നും, നിവേദനം:

كان لي خال يرقي من العقرب، فنهى رسول الله صلى الله عليه وسلم: عن الرقي , قال فأتاه فقال : يا رسول الله : إنك نهيت عن الرقى , وأنا أرقي من العقرب. فقال : من استطاع منكم أن ينفع أخاه فليفعل

---

[3] ഇമാം അഹ്മദ് തന്റെ മുസ്നദിൽ 5-ാം വാള്യം 210, 211 എന്നീ പേജുകളിൽ റിപ്പോർട്ട് ചെയ്ത ഹദീഥാണ് ഇത്, അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ച ഹദീഥുമാണിത്.

أبوداود مع عون المعبود – كتاب الطب – باب كيف الرقى (10/ 391) رقم: (3379)، والنسائي في عمل اليوم والليلة – ما يقرأ على المعتوه (563) رقم (1032) والحاكم في مستدركه – كتاب فضائل القرآن (560/1) وقال صحيح ووافقه الذهبي ورمز لصحته السيوطي. انظر الجامع الصغير من فيض القدير (41/5) رقم (6334) وقال الألباني وهو حديث صحيح النظر صحيح الجامع 323/02) رقم: (2294)

[4] സ്വഹീഹ് മുസ് ലിം... ... كتاب السلام – باب استحباب الرقية من العين والحمى (4/1726) നമ്പർ: 2199.

“തേൾ കുത്തിയാൽ മന്ത്രിച്ചിരുന്ന ഒരു അമ്മാവൻ എനിക്കുണ്ടായിരുന്നു. റസൂലുല്ലാഹ്(ﷺ) മന്ത്രങ്ങൾ വിരോധിക്കുകയുണ്ടായി, (ജാബിർ പറയുന്നു:) അദ്ദേഹം നബി(ﷺ)യുടെ അടുക്കൽ ചെന്ന ശേഷം പറഞ്ഞു:. അല്ലാഹുവിന്റെ തിരുദൂതരെ, താങ്കൾ മന്ത്രം വിരോധിച്ചു ഞാനാകട്ടെ തേൾ കുത്തിയാൽ മന്ത്രിക്കാറുണ്ട്. അപ്പോൾ തിരുമേനി പറഞ്ഞു: “ആർക്കെങ്കിലും തന്റെ സഹോദരന് ഉപകാരം ചെയ്യാൻ സാധിക്കുമെങ്കിൽ അവൻ അപ്രകാരം ചെയ്യട്ടെ.”[5]

വിവധ കാരണങ്ങളാൽ റുക്‌യക്ക് പ്രാർഥന എന്ന വിവർത്തനം അനുയോജ്യമല്ല എന്ന് ഗ്രഹിക്കാം:

1. നേരത്തെ ജാബിർ(رضي الله عنه) ഉദ്ധരിച്ച ഹദീഥിൽ റുക്‌യ വിരോധിച്ചിരിന്നു എന്നും പിന്നീട് നബി(ﷺ) അത് അനുവദിക്കകയും ചെയ്തു എന്ന് നമുക്ക് കാണാം. എന്നാൽ രോഗശമനത്തിനായി അല്ലാഹുവിനോട് പ്രാർഥിക്കുന്നത് നബി(ﷺ) വിലക്കിയിരുന്നതായി ഒരിക്കലും നമുക്ക് കാണാൻ കഴിയുകയില്ല. അഥവാ പ്രാർത്ഥനക്ക് ഇങ്ങനെ ഒരു വിലക്കും പിന്നീട് ഒരു അനുവാദവും ഇസ്‌ലാമിക അദ്ധ്യാപനങ്ങളിൽ കാണാൻ കഴിയില്ല.
2. സിഹ്റ് മുഖേന ദമ്പതികൾക്കിടയിൽ അകൽച്ച ഉണ്ടായേക്കാം. സിഹ്റിന്റെ ആപത്ത് അകറ്റാൻ റുക്‌യ ചെയ്യാനാണ് ഇസ്ലാമിക അദ്ധ്യാപനങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. ഇവിടെ എങ്ങിനെയാണ് റുക്‌യക്ക് രോഗശമന പ്രാർത്ഥന എന്ന് പറയുക? ദമ്പതികൾക്കിടയിലുള്ള അകൽച്ച ഏതായാലും വൈദ്യസംബന്ധിയായ ഒരു രോഗമല്ല.
3. റുക്‌യയുടെ ഭാഗമായി ഊതുക, തുപ്പുക, തടവുക എന്നിവ ചെയ്യൽ ശറഇൽ സ്ഥിരപ്പെട്ടതാണ്, എന്നാൽ പ്രാർഥനയിൽ ഇങ്ങനെ ഉള്ളതായി അറിയില്ല.
4. രോഗശമന പ്രാർഥന നടത്താൻ രോഗിയുടെ സാന്നിധ്യം ആവശ്യമില്ല, എന്നാൽ റുക്‌യ ചെയ്യാൻ അയാളുടെ സാന്നിധ്യം അനിവാര്യമാണ്.

അത് കൊണ്ട് തന്നെ കേരളത്തിലെ മുൻകാല പണ്ഡിതൻമാരായ കെ. എം. മൗലവി( رحمه الله ), അമാനി മൗലവി( رحمه الله ) പോലുള്ളവർ റുക്‌യക്ക് മന്ത്രങ്ങൾ എന്നുപയോഗിക്കാൻ മടികാണിച്ചിരുന്നില്ല. മലയാള ഭാഷയിൽ റുക്‌യക്ക് ഏറ്റവും അനുയോജ്യമായ പദം മന്ത്രം എന്ന് തന്നെയാണ് അവർ മനസിലാക്കിയിരുന്നത്. ആ പണ്ഡിതന്മാരടെ ഉദ്ധരണികൾ അടുത്ത പേജിൽ കാണുക.

[5] സ്വഹീഹ് മുസ്‌ലിം... ... كتاب السلام – باب استحباب الرقية من العين والحمى (4/1726) നമ്പർ: 2199.

പുസ്തകം: കെ. എം. മൗലവിയുടെ ഫത്‌വകൾ
പേജ്: 16–17, പ്രസിദ്ധീകരണം: യുവത

**മന്ത്രിക്കൽ**

ഇപ്പോൾ ഉറുക്കും മന്ത്രങ്ങളും താഴെ വിവരിക്കുന്ന മൂന്ന് ശർത്വുകളോട് കൂടിയായിരുന്നാൽ ജാഇസാകുമെന്ന് തെളിയുന്നതാണ്. 1. അല്ലാഹുവിന്റെ വചനം കൊണ്ടോ അവന്റെ നാമങ്ങളാലോ, ഗുണങ്ങളാലോ ആയിരിക്കുക.

അറബീ ഭാഷയിലോ അർഥമറിയുന്ന മറ്റേതെങ്കിലും ഭാഷയിലോ ആയിരിക്കുക (ശിർക്കിലേക്കു കൂട്ടുവാൻ ഇടയുള്ള യാതൊരു വാക്കും അതിൽ ഇല്ലെന്ന് തിട്ടമുണ്ടാവണം എന്ന് സാരം) 3. ഇവ സ്വന്തമായി ഒരു ഫലം ചെയ്യുകയില്ലെന്നും നേരെ മറിച്ച് അല്ലാഹുവിന്റെ നിശ്ചയം അനുസരിച്ച് അവൻ ഫലം നൽകുന്നതാണെന്നും വിശ്വസിച്ചിരിക്കുന്നു.

സ്വഹീഹ് മുസ്‌ലിമിൽ പറയുന്നു: ജാബിർ (റ) ഇങ്ങനെ പറയുന്നു: "നബി(സ്വ) മന്ത്രങ്ങളെ വിരോധിച്ചു. അപ്പോൾ അംറുബ്നു ഹസ്മിന്റെ കുടുംബക്കാർ നബിയുടെ അടുക്കൽ വന്നു. നബിയേ, തേളിന്റെ വിഷത്തിന് ഉപയോഗിക്കുന്ന ഒരു മന്ത്രം ഞങ്ങളുടെ പക്കലുണ്ട്. അവിടുന്ന് മന്ത്രങ്ങളെ വിരോധിച്ചിരിക്കുന്നുവല്ലോ. ജാബിർ(റ) പറയുന്നു. അങ്ങനെ അവർ ആ മന്ത്രത്തെ നബിക്ക് കാണിച്ചു. അപ്പോൾ നബി(സ്വ) പറഞ്ഞു. ഞാൻ ഇതിൽ ദോഷം കാണുന്നില്ല. നിങ്ങളിൽ വല്ലവനും തന്റെ സഹോദരന് ഉപകാരം ചെയ്യുവാൻ കഴിയുമെങ്കിൽ താൻ അവന് ഉപകാരം ചെയ്തുകൊള്ളട്ടെ.

ഔഫുബ്നു മാലിക് അൽഅശ്ജഈ(റ) പറയുന്നു: ഞങ്ങൾ അജ്ഞാതകാലത്ത് മന്ത്രിക്കാറുണ്ടായിരുന്നു. അങ്ങനെ അല്ലാഹുവിന്റെ റസൂലായ നബിയേ അക്കാര്യത്തിൽ അവിടുന്ന് എന്തു വിചാരിക്കുന്നു എന്ന് ഞങ്ങൾ ചോദിച്ചു. അപ്പോൾ അവിടുന്ന് ഇങ്ങനെ പറഞ്ഞു. നിങ്ങളുടെ മന്ത്രങ്ങൾ എനിക്ക് കാണിക്കുക. മന്ത്രങ്ങളിൽ ശിർക്ക് ഇല്ലെങ്കിൽ അതിൽ ദോഷമില്ല."

എന്നാൽ മേൽപറഞ്ഞ വ്യത്യാസത്തെ പ്രമാണിക്കാതെ ഏത് വിധത്തിലുള്ള ഉറുക്ക് കെട്ടുന്നതിനെയും സലഫീങ്ങളായ ഉലമാക്കളിൽ ചിലർ വിരോധിച്ചിരിക്കുന്നു.

**രണ്ടാം ചോദ്യത്തിന്റെ ഉത്തരം**

മന്ത്രിക്കുന്നതിന്റെ വിധി ഒന്നാം ചോദ്യത്തിന്റെ ഉത്തരംകൊണ്ട് പൂർണമായി വെളിപ്പെട്ടിരിക്കുന്നു. എന്നാൽ മന്ത്രിച്ച് ഊതുന്നത് മേൽപറഞ്ഞ മൂന്ന് ശർത്വുകളോട് കൂടി മന്ത്രിക്കുന്നത് എപ്രകാരം ജാഇസാകുന്നുവോ അപ്രകാരം തന്നെ ജാഇസാകുന്നു. സഹീഹ് മുസ്‌ലിമിൽ ഇങ്ങനെ പറയുന്നു.

ആഇശ(റ) പറയുന്നു: നബി(സ്വ)യുടെ കുടുംബത്തിൽ വല്ലവർക്കും രോഗം ബാധിച്ചിരുന്നാൽ നബി(സ്വ) അവർക്ക്, ഇഖ്‌ലാസ്, മുഅവ്വിദാത്ത് എന്നീ മൂന്ന് സൂറത്തുകൾ ഓതി മന്ത്രിച്ച്, അവരുടെ മേൽ ഊതാറുണ്ടായിരുന്നു. അങ്ങനെ നബിക്ക് വഫാത്തിന്റെ രോഗം ബാധിച്ചപ്പോൾ നബിക്ക് ഞാൻ മന്ത്രിച്ച് ഊതിക്കൊടുക്കുകയും അവിടുത്തെ കൈ കൊണ്ട് തന്നെ നബിയെ ഞാൻ തടവുകയും ചെയ്തിരുന്നു. കാരണം അവിടുത്തെ കൈ എന്റെ കൈയിനേക്കാൾ മഹത്തായ അനുഗ്രഹം ഉള്ളതാകുന്നു."

എന്നാൽ ഹദീസിലെ 'നഫസ' എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് തുപ്പുനീർ തെറിപ്പിക്കാതെയുള്ള ഊതലാകുന്നു എന്ന് ആഇശ(റ) തന്നെ പറഞ്ഞിരിക്കുന്നതായി ഇമാം നവവി ശർഹ് മുസ്‌ലിമിൽ വിവരിച്ചിരിക്കുന്നു. ഇമാം നവവി(റ) പറയുന്നു: ഊതുന്ന വായുവിൽ നനവ് പുറപ്പെടുന്നത് കൊണ്ട് ദോഷമില്ല. അതിനെ കരുതിക്കൂട്ടി പുറപ്പെടുവിക്കാതിരുന്നാൽ മതി.



അപേക്ഷിച്ച് യോഗ്യതയും സ്ഥാനമാനമുള്ളവർക്കിടയിലും കൂടുതലായിക്കാണാം. ഭൗതിക നൻമകളിൽ മാത്രമല്ല, മതപരവും പാരത്രികവുമായ കാര്യങ്ങളിലും അസൂയ ഉണ്ടാകാറുണ്ട്. വ്യക്തികൾ തമ്മിലെന്നപോലെ, സമൂഹങ്ങളും സമുദായങ്ങളും രാഷ്ട്രങ്ങളും തമ്മിലും അസൂയ പിടിപെടും. യൂസുഫ് (അ) നബിയുടെ സഹോദരൻമാർ അദ്ദേഹത്തെ കിണററിലിട്ടതും, ഒരു നീണ്ടകാലം അക്ഷമയോടെ തങ്ങൾ കാത്തുകൊണ്ടിരുന്ന പ്രവാചകൻ പ്രത്യക്ഷപ്പെട്ടപ്പോൾ അദ്ദേഹം അറബികളിൽപെട്ട ആളാകകൊണ്ട് വേദക്കാർ ഇസ്ലാമിൻെറ ശത്രുക്കളായി മാറിയതും അസൂയ കൊണ്ടായിരുന്നു. എന്നിരിക്കെ, അസൂയനിമിത്തം നേരിടുന്ന ആപത്തുകൾ അതിഭയങ്കരമാണെന്നു ഊഹിക്കാമല്ലോ.

റസൂൽ (സ) തിരുമേനി ചരമം പ്രാപിച്ച രോഗത്തിൽ അവിടുന്ന് ഇഖ്ലാസ്വ്, ഫലഖ്, നാസ് എന്നീ മൂന്ന സൂറത്തുകൾ (المعوذات) ഓതി ദേഹത്തിൽ ഊതിയിരുന്നുവെന്നും, രോഗം ശക്തിയായപ്പോൾ താൻ അവ ഓതി തിരുമേനിയുടെ കയ്യിൽ ഊതി ആ കൈകൊണ്ട് തടവിക്കൊടുക്കാറുണ്ടായിരുന്നുവെന്നും ആയിശാ (റ) പ്രസ്താവിച്ചതായി ബുഖാരീയും മുസ്ലിമും (റ) രേഖപ്പെടുത്തിയിരിക്കുന്നു. രോഗികളെ ഈ സൂറത്തുകൾ ഓതി മന്ത്രിക്കാമെന്ന് ഇതിൽനിന്ന വ്യക്തമാണ്. അനുവദനീയമെന്നും, അനുവദനീയമല്ലാത്തതെന്നും വ്യത്യാസം കാണാതെ, ഇസ്ലാമിൽ മന്ത്രത്തിനു സ്ഥാനമേ ഇല്ലെന്നു ചിലർ പറയാറുള്ളതു ശരിയല്ലെന്നു ഈ ഹദീസും, ഇതുപോലെയുള്ള മററു പല ഹദീസുകളും സംശയത്തിന്നിടമില്ലാത്തവിധം സ്പഷ്ടമാക്കുന്നു. ഹദീസുകളിൽ വന്നിട്ടുള്ള മന്ത്രങ്ങൾ പരിശോധിച്ചാൽ, അവയെല്ലാം കേവലം അല്ലാഹുവിനോടുള്ള പ്രാർത്ഥനകളാണെന്ന് കാണാവുന്നതാണ്.

ആയിശാ (റ)യുടെ ഈ ഹദീസിൻെറ വ്യാഖ്യാനവേളയിൽ ബുഖാരീയുടെ വ്യാഖ്യാതാവായ ഇമാം അസ്ഖലാനീ (റ) ചെയ്ത ഒരു പ്രസ്താവന അറിയുന്നതു ഇവിടെ പ്രയോജനകരമായിരിക്കും. അദ്ദേഹം ആ പ്രസ്താവന ഇങ്ങിനെ ആരംഭിക്കുന്നു: 'തിർമദീയും, നസാഈയും (റ) നിവേദനം ചെയ്തിരിക്കുന്നു: 'മുഅവ്വിദാത്ത്' സൂ: ഇഖ്ലാസ്വും ഫലഖും, നാസും) അവതരിക്കുന്നതുവരെ നബി (സ) ജിന്നുകളിൽനിന്നും, മനുഷ്യൻെറ കണ്ണേററിൽനിന്നും (അല്ലാഹുവിനോടു) ശരണം തേടാറുണ്ടായിരുന്നു. പിന്നീട് അവ (ആ സൂറത്തുകൾ) സ്വീകരിക്കുകയും മററുള്ളവ (മററു വാചകങ്ങളിലുള്ള ശരണം തേടൽ) വിട്ടുകളയുകയും ചെയ്തു'. അനന്തരം അസ്ഖലാനീ (റ) ഇങ്ങിനെ തുടരുന്നു:—

'മററുള്ള 'തഅവ്വുദു' (ശരണം തേടൽ)കളൊന്നും പാടില്ലെന്നു ഈ ഹദീസുകൊണ്ട് വരുന്നില്ല. പക്ഷേ, ഇവ കൊണ്ടുള്ള തേട്ടമാണ് കൂടുതൽ നല്ലത്'. ഇവയല്ലാത്തതുകൊണ്ടുള്ള ശരണം തേടൽ ഉണ്ടായിട്ടുണ്ടുതാനും. എല്ലാവിധ കെടുതികളിൽനിന്നുമുള്ള രക്ഷതേടൽ മൊത്തത്തിലും വിശദരൂപത്തിലും ഈ രണ്ടു സൂറത്തുകളിൽ അടങ്ങിയിരിക്കുന്നതാണ് തിരുമേനി അവകൊണ്ടു മതിയാക്കുവാൻ കാരണം. മൂന്നു നിബന്ധനകൾ ഒത്തുവന്നാൽ മന്ത്രങ്ങൾക്കു വിരോധമില്ലെന്നുള്ളതിൽ പണ്ഡിതൻമാർ യോജിച്ചിരിക്കുന്നു: (1) അല്ലാഹുവിൻെറ വാക്യമോ, അവൻെറ നാമങ്ങളോ, അവൻെറ ഗുണവിശേഷങ്ങളോ കൊണ്ടായിരിക്കുക. (2) അറബിഭാഷയിലോ അർത്ഥം അറിയാവുന്ന മററു ഭാഷയിലോ ആയിരിക്കുക. (3) ഫലം ചെയ്യുവാൻ മന്ത്രത്തിനു സ്വയം ശക്തിയില്ല, അല്ലാഹു മാത്രമാണ് ഫലം നൽകുന്നവൻ എന്ന വിശ്വാസം ഉണ്ടായിരിക്കുക.' (ഫത്ഹുൽബാരീ.)

മന്ത്രങ്ങൾ അറബിയിലോ അർത്ഥം അറിയാവുന്ന ഭാഷയിലോ ആയിരിക്കണമെന്ന് അസ്ഖലാനീ (റ) പറഞ്ഞുവല്ലോ. അറബി അറിയാത്തവരെ സംബന്ധിച്ച് മന്ത്രം അറബിയിലായാൽ മതി എന്നു ഇതിനർത്ഥമാക്കിക്കൂടാ. അറബികളെസംബന്ധിച്ചാണ് അദ്ദേഹം ഇങ്ങിനെ പറഞ്ഞത്. അറബികൾക്കു ആ ഭാഷ അറിയാതിരിക്കയില്ലല്ലോ. പക്ഷേ, മന്ത്രിക്കുന്ന വാക്യങ്ങൾ ഖുർആനിലോ ഹദീസിലോഉള്ളതാണെങ്കിൽ അർത്ഥം അറിയാത്തവർക്കും അതു ഉപയോഗിക്കുന്നതിനു വിരോധമില്ല. എങ്കിലും ശരിയായ ഫലം ലഭിക്കുവാൻ അർത്ഥം അറിഞ്ഞിരിക്കൽ ആവശ്യമാണു താനും. മന്ത്രങ്ങൾ അർത്ഥം അറിയുന്നതോ, ഖുർആനിലോ ഹദീസിലോ വന്നതോ ആയിരിക്കണമെന്ന നിബന്ധന ഉണ്ടാവാൻ പ്രധാന കാരണം സാധാരണ മന്ത്രങ്ങളിൽ കുഫ്റകരമോ അനിസ്ലാമികമോ ആയ ഭാഗങ്ങളുണ്ടാകാറുണ്ടെന്നുള്ളതാണ്. അഥവാ ഇല്ലെന്നുവന്നാൽപോലും, അർത്ഥം അറിയാത്ത വാക്കുകൾ ഉരുവിടുന്നതിൽ എന്താണ് പ്രയോജനമുള്ളത്?! അസ്ഖലാനീ (റ) ചൂണ്ടിക്കാട്ടിയതുപോലെ, സൂ: ഫലഖിലും നാസിലും ഉള്ളതല്ലാത്ത മററു വാചകങ്ങൾ ഉപയോഗിച്ച് ശരണം തേടുകയോ, മന്ത്രിക്കുകയോ ചെയ്യുന്നതിനു വിരോധമില്ലെന്നും, വിരോധിക്കപ്പെട്ടിരിക്കുന്നതു ഏതു തരത്തിലുള്ള മന്ത്രങ്ങളാണെന്നും താഴെ ഉദ്ധരിക്കുന്ന ഹദീസുകളിൽനിന്നു മനസ്സിലാക്കാവുന്നതാണ്:—

ഔഫുബ്നുമാലിക്ക (عوف بن مالك - رض) പ്രസ്താവിക്കുന്നു; ഞങ്ങൾ 'ജാഹിലിയ്യത്തി'ൽ (ഇസ്ലാമിനു മുമ്പ്) മന്ത്രം നടത്താറുണ്ടായിരുന്നു. ഞങ്ങൾ റസൂൽ (സ) തിരുമേനിയോടു അതിനെപ്പററി അവിടുന്നു എന്താണ് അഭിപ്രായപ്പെടുന്നത് എന്ന് ചോദിക്കയുണ്ടായി. അപ്പോൾ അവിടുന്നു പറഞ്ഞു: 'നിങ്ങളുടെ മന്ത്രം എനിക്കു കാട്ടിത്തരുവിൻ, (ഞാൻ ഒന്ന പരിശോധിക്കട്ടെ.) മന്ത്രത്തിൽ ശിർക്കൊന്നുമില്ലെങ്കിൽ അതിനു തരക്കേടില്ല.' (മു.) ഇസ്ലാമിനു മുമ്പുണ്ടായിരുന്ന മന്ത്രങ്ങൾ ശിർക്കു കലർന്നതായിരുന്നതുകൊണ്ടാണ് നബി (സ) അങ്ങിനെ പറ

ഞ്ഞത്. അതുകൊണ്ടുതന്നെയാണ് മറ്റൊരു ഹദീസിൽ തിരുമേനി ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നതും: 'നിശ്ചയമായും, മന്ത്രവാദങ്ങളും, 'തമീമത്തു'കളും 'തിവലത്തും' ശിർക്കാകുന്നു.' (ദാ; ജ; ഹാ.) കാവലിനും രക്ഷക്കും വേണ്ടി ഉപയോഗിക്കപ്പെടുന്ന ഉറുക്ക, കവചം മുതലായവയാണ് 'തമീമത്തും തിവലത്തും' (التولة والتمائم) ഇതിന്റെ മുമ്പുദ്ധരിച്ച ഹദീസിലും മറ്റും അനുവദിച്ചതല്ലാത്ത എല്ലാതരം മന്ത്രങ്ങളും, ഉറുക്കു, കവചം, ഐക്കൽ മുതലായ എല്ലാ ശരണവകുപ്പുകളും അനുവദനീയമല്ലാത്തതാണെന്നു ഈ ഹദീസിൽ നിന്നു മനസ്സിലാക്കാമല്ലോ.

ഹസൻ (റ), ഹുസൈൻ (റ) എന്നിവർക്കുവേണ്ടി നബി (സ) ഇപ്രകാരം ശരണം തേടിയിരുന്നതായി ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചിരിക്കുന്നു: اعيذكما بكلمات الله التامة من كل شيطان وهامة ومن كل عين لامة (സാരം: എല്ലാ പിശാചിൽനിന്നും, എല്ലാ വിഷജന്തുക്കളിൽ നിന്നും ദുഷ്ടക്കണ്ണുകളിൽനിന്നും അല്ലാഹുവിന്റെ പരിപൂർണ്ണ വചനങ്ങൾ മുഖേന ഞാൻ നിങ്ങൾക്കു ശരണം തേടുന്നു.) എന്നിട്ടു തിരുമേനി ഇങ്ങിനെ പറയുകയും ചെയ്തിരുന്നു: നിങ്ങളുടെ പിതാവ് (ഇബ്രാഹീം നബി-തന്റെ മക്കളായ) ഇസ്മാഈലിനും ഇസ്ഹാഖിനും عليهم السلام ഇപ്രകാരം ശരണം തേടിയിരുന്നു. (ബുഖാരി.) നബി (സ) തിരുമേനി രോഗികളെ മന്ത്രിച്ചിരുന്ന ഒരു പ്രാർത്ഥന ഇതാണ്.

اَللّٰهُمَّ رَبَّ النَّاسِ اَذْهِبِ الْبَاسَ وَاشْفِهِ أَنْتَ الشَّافِي لَا شِفَاءَ إِلَّا شِفَاؤُكَ شِفَاءً لَا يُغَادِرُ سَقَمًا — متفق عليه

(സാരം: അല്ലാഹുവേ, മനുഷ്യരുടെ റബ്ബേ! വിഷമം നീക്കിത്തരേണമേ; ഇവനെ സുഖപ്പെടുത്തുകയും വേണമേ. നീയാണു സുഖപ്പെടുത്തുന്നവൻ. നീ നൽകുന്ന സുഖമല്ലാതെ സുഖമില്ല. യാതൊരു രോഗവും അവശേഷിക്കാത്തവണ്ണം സുഖം നൽകണേ. (ബു; മു) മാതൃകക്കുവേണ്ടി മാത്രം ഉദ്ധരിച്ച ഈ നബിവചനങ്ങളിൽ നിന്നു മന്ത്രത്തെയും, ശരണം തേടുന്നതിനെയും സംബന്ധിച്ചു ഇസ്ലാമിന്റെ നിലപാടു എന്താണെന്നു ഏറെക്കുറെ എല്ലാവർക്കും മനസ്സിലാക്കാവുന്നതാണ്. والله ولي التوفيق

اللهم اعذنا من شر ما خلقت ومن كل شر انت اعلم بها
ربنا ولك الحمد والمنة

*(തുടരും...)*


തയ്യാറാക്കിയത്:

അബ്ദുൽ ജബ്ബാർ അബ്ദുല്ല
എൻ. വി. മുഹമ്മദ് സാലിം
റാഷിദ് ഖലീൽ റഹ്മാൻ